# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## 2023 ജനുവരി 23, തിങ്കൾ

## കാര്യവിവരപ്പട്ടിക

ഗവർണറുടെ പ്രസംഗം.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
ജനുവരി 22, 2023.

എ. എം. ബഷീർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**

**Eighth Session**

Monday, January 23, 2023

# LIST OF BUSINESS

Address by the Governor.

Secretariat of the Kerala Legislature,
Thiruvananthapuram,
January 22, 2023.

A. M. Basheer,
Secretary.

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ജനുവരി 23-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക്

നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഗവർണ്ണറുടെ പ്രസംഗം

## കാര്യപരിപാടി

1. രാവിലെ 8.50-നു മുൻപായി എല്ലാ അംഗങ്ങളും അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകേണ്ടതാണ്.

2. രാവിലെ 8.52-ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ കോംപ്ളക്സിന്റെ കിഴക്കുവശത്തുള്ള പോർട്ടിക്കോയിൽ എത്തിച്ചേരുന്നതാണ്. സ്പീക്കറും മുഖ്യമന്ത്രിയും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും നിയമസഭാ സെക്രട്ടറിയും കൂടി ബഹുമാനപ്പെട്ട ഗവർണ്ണറെ സ്വീകരിക്കുന്നതാണ്.

3. ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നാഷണൽ സല്യൂട്ട് നൽകുന്നതും ചേംബറിന്റെ കവാടത്തിലേക്ക് ആനയിക്കുന്നതുമാണ്.

4. ചേംബറിന്റെ കവാടത്തിൽ എത്തുമ്പോൾത്തന്നെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ അംഗങ്ങളെ അറിയിക്കുന്നതാണ്. അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ബഹുമാനപ്പെട്ട ഗവർണ്ണർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ വേദിയിലേക്ക് ആനയിക്കുന്നതാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ വേദിയിൽ എത്തുന്നതുവരെ കാഹളഘോഷം മുഴക്കുന്നതാണ്.

5. ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും മുഖ്യമന്ത്രിയും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ചേംബറിൽ പ്രവേശിക്കുമ്പോൾ എല്ലാ അംഗങ്ങളും എഴുന്നേറ്റ് നിൽക്കേണ്ടതാണ്. ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തുമ്പോൾ ദേശീയഗാനം ആലപിക്കുന്നതാണ്. അതിനുശേഷം അവർ സ്വസ്ഥാനങ്ങളിൽ ഇരിക്കും. അപ്പോൾ അംഗങ്ങളും ഇരിക്കേണ്ടതാണ്.

6. ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഇരിപ്പിടത്തിന് പിന്നിലിട്ടിരിക്കുന്ന കസേരയിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗരക്ഷകൻ ഇരിക്കേണ്ടതാണ്. ചീഫ് സെക്രട്ടറിയും ബഹുമാനപ്പെട്ട ഗവർണ്ണറുടെ സെക്രട്ടറിയും ചേംബറിൽ അവർക്കായി ഇട്ടിരിക്കുന്ന കസേരകളിൽ ഇരിക്കേണ്ടതാണ്.

7. അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ അംഗങ്ങളെ അഭിസംബോധന ചെയ്ത് പ്രസംഗിക്കും. പ്രസംഗത്തിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിനുമുന്നിലെത്തുമ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കും. തിരിച്ചു പോകുന്നതിനായി ബഹുമാനപ്പെട്ട ഗവർണ്ണർ സ്വസ്ഥാനത്തുനിന്ന് എഴുന്നേൽക്കുന്ന സമയം മുതൽ ചേംബറിന് പുറത്തിറങ്ങുന്നതുവരെ എല്ലാ അംഗങ്ങളും എഴുന്നേറ്റു നിൽക്കേണ്ടതാണ്.

8. ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ബഹുമാനപ്പെട്ട ഗവർണ്ണർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ കാറിനടുത്തേക്ക് ആനയിക്കുന്നതാണ്.

9. അതിനുശേഷം സ്പീക്കർ അദ്ധ്യക്ഷവേദിയിലേക്ക് തിരിച്ചുവന്ന് സ്വസ്ഥാനത്ത് ഇരുന്നുകഴിഞ്ഞാൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പും നന്ദി പ്രമേയവും അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

**Eighth Session**

Monday, January 23, 2023

## GOVERNOR'S ADDRESS TO THE LEGISLATIVE ASSEMBLY

**AT 9.00 a.m.**

## PROGRAMME

1. All the Members will take their seats in the Assembly Chamber before 8.50 a.m.

2. The Honourable Governor will arrive at 8.52 a.m. at the Porch on the Eastern side of the Legislature Complex. The Honourable Governor will be received by the Speaker, the Chief Minister, the Minister for Parliamentary Affairs, the Chief Secretary and the Secretary to Legislative Assembly.

3. The Honourable Governor is presented with a national salute and led to the entrance of the Chamber.

4. Just at the entrance to the Chamber, the Chief Marshal will announce to the Members the arrival of the Honourable Governor. Then the Honourable Governor will be led to the dais, the Aide-de-Camp to the Honourable Governor, the Secretary to Legislative Assembly, the Speaker, the Honourable Governor, the Chief Minister, the Minister for Parliamentary Affairs, the Secretary to the Honourable Governor and the Chief Secretary marching in procession. The trumpeters will sound the fanfare till the Honourable Governor arrives at his chair.

5. When the Honourable Governor, the Speaker, the Chief Minister and the Minister for Parliamentary Affairs enter the Chamber, the House will stand and will keep standing until they reach the dais. After the Honourable Governor and the Speaker occupy their respective positions on the dais, National Anthem will be played. Then they will occupy their seats. The Members will also resume their seats.

6. The Aide-de-Camp who accompanies the Honourable Governor will occupy the seat provided for him on the dais behind the Honourable Governor. The Chief Secretary and the Secretary to the Honourable Governor will occupy their seats provided for them in the Chamber.

7. The Honourable Governor will then deliver the Address to the Members. After the Address, when the Honourable Governor takes his position in front of his seat, National Anthem will be played again. From the moment the Honourable Governor rises from his seat to depart, the House will stand and will keep standing until the Honourable Governor departs from the Chamber.

8. The Honourable Governor will be escorted back to the car, the Aide-de-Camp to the Honourable Governor, the Secretary to Legislative Assembly, the Speaker, the Honourable Governor, the Chief Minister, the Minister for Parliamentary Affairs, the Secretary to the Honourable Governor and the Chief Secretary marching in procession.

9. The Speaker will then return to the dais and occupy the Chair when copies of the Address along with Motion of Thanks will be distributed to the Members.

**A. M. BASHEER,**
*Secretary.*